ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം

**Acd./Spc (2)/3933/FDP/2011-12**

**തീയതി:** 01/12/2011

**ഹയർ സെക്കന്ററി 2011-ലെ രണ്ടാംപാദവാർഷിക പരീക്ഷ**

**വിജ്ഞാപനം**

വിഷയം : 2011-12-ലെ ഹയർ സെക്കന്ററി രണ്ടാംപാദവാർഷിക പരീക്ഷ (ക്രിസ്തുമസ് പരീക്ഷ)- പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ

2011-12 -ലെ ഹയർ സെക്കന്ററിരണ്ടാം പാദവാർഷിക പരീക്ഷ (ക്രിസ്തുമസ്സ് പരീക്ഷ) ഡിസംബർ 15 മുതൽ 23 വരെ അതത് ഗവൺമെന്റ്/എയിഡഡ്/അൺ എയിഡഡ് സ്കൂളുകളിൽ നടത്തുന്നതായിരിക്കും.

ഡിംസംബർ 17-ന് പരീക്ഷയുണ്ടായിരിക്കുന്നതല്ല. അന്നേദിവസം സാധാരണ ടൈംടേബിൾ അനുസരിച്ചുള്ള ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് താഴെപറയുന്ന നിർദ്ദേശങ്ങൾ എല്ലാ പ്രിൻസിപ്പൽമാരും കർശനമായി പാലിക്കേണ്ടതാണ്.

1. പരീക്ഷാ നടത്തിപ്പിന്റെ ചുമതല പ്രിൻസിപ്പൽമാർക്ക് ആയിരിക്കും.
2. പതിനൊന്നും പന്ത്രണ്ടും ക്ലാസ്സുകൾക്ക് പരീക്ഷയുണ്ടായിരിക്കുന്നതാണ്.
3. പതിനൊന്നാം ക്ലാസ്സിന് രാവിലെ 9.30 നും പന്ത്രണ്ടാം ക്ലാസ്സിന് ഉച്ചയ്ക്ക് 2 മണിക്കും ആയിരിക്കും പരീക്ഷ
ആരംഭിക്കുക.
4. ഓരോ വിഷയത്തിനും പൊതു പരീക്ഷയുടെ സമയദൈർഘ്യം കർശനമായും പാലിക്കേണ്ടതാണ്.
5. ഹയർ സെക്കന്ററി പോർട്ടലിൽ ലഭ്യമായിട്ടുള്ള ചോദ്യങ്ങളിൽ നിന്ന് സെക്കന്റ് ടേമിലെ യൂണിറ്റിനെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് പരീക്ഷയ്ക്ക് ഉൾപ്പെടുത്തേണ്ടത്. അതത് സ്കൂളിന്റെ ലേബലിൽ തയ്യാറാക്കിയ ചോദ്യപേപ്പറുകളാണ് പരീക്ഷയ്ക്ക് ഉപയോഗിക്കേണ്ടത്.
6. ടൈംടേബിൾ പ്രിൻസിപ്പൽമാർ തയ്യാറാക്കേണ്ടതാണ്.
7. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹ അധ്യാപകരുടേയും, ലാബ് അസിസ്റ്റന്റ്, പ്യൂൺ എന്നിവരുടേയും സേവനം പ്രിൻസിപ്പൽമാർക്ക് ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്
**ഡയറക്ടർ**